എസ്. കമറുദ്ദീൻ

# 'മണ്ണറിയാം, വിത്തറിയാം'

## കൃഷി പ്രകൃതിയുടെ തന്നെ ഭാഗമാണെന്ന സന്ദേശം പുതിയ തലമുറക്ക് പരിചയപ്പെടുത്തുന്ന മലർവാടി ബാല സംഘം കാമ്പയിനെക്കുറിച്ച്




''മേഘങ്ങളിൽ നിന്ന് കുത്തിച്ചൊരിയുന്ന വെള്ളം നാം വർഷിപ്പിച്ചു; അതുമൂലം ധാന്യവും ചെടികളും ഇടതിങ്ങിയ തോപ്പുകളും ഉത്പാദിപ്പിക്കുന്നതിന്'' (ഖുർആൻ 78: 14-16).

"ഇവരോട് ചോദിക്കുക! മണ്ണിൽ നിന്നും വിണ്ണിൽ നിന്നും നിങ്ങൾക്ക് അന്നം തരുന്നതാരാകുന്നു? പറയുക, അല്ലാഹു" (ഖുർആൻ. 34:24).

"ഒരു ദാസൻ ചെടി നടുകയോ കൃഷി ചെയ്യുകയോ ചെയ്യുന്നു. അതിൽ നിന്ന് പക്ഷിയോ മനുഷ്യനോ മൃഗമോ ഭക്ഷിച്ചാൽ അത് അവന്റെ പേരിലുള്ള ദാനധർമമായി ഭവിക്കും"- മുഹമ്മദ് നബി.

കാർഷികവൃത്തി കേവലം ഒരു തൊഴിലെന്നതിലുപരി ഒരു സംസ്കാരമായിരുന്നു. നമ്മുടെ ഭാഷ, വേഷം, ആചാരം, ജിവിതരീതി, ഭക്ഷണക്രമം എല്ലാം ഒരുതരത്തിലല്ലെങ്കിൽ മറ്റൊരു തരത്തിൽ കൃഷിയുടെ സ്വാധീനം വിളിച്ചറിയിച്ചിരുന്നു. വിളവെടുപ്പ് കാലങ്ങൾ ഉത്സവങ്ങളാകുന്നത് ലോകത്തെ നിരവധി സംസ്കാരങ്ങളിൽ നമുക്ക് കണ്ടെത്താനാകും. കാർഷിക തകർച്ചയും പട്ടിണിയും ക്ഷാമവുമൊക്കെ ചരിത്രത്തിൽ ദേശാടനങ്ങൾക്കും ജനസംഖ്യ പുനർവിന്യാസത്തിനും കാരണമായിട്ടുണ്ട്. ഒരു ക്ഷാമകാലത്തെ, ദൈവത്തിന്റെ മുന്നറിയിപ്പ് വായിച്ച് കാലേക്കൂട്ടിയുള്ള ഒരുക്കങ്ങളിലൂടെ അതിജീവിക്കാൻ സഹായിച്ച യൂസുഫ് നബി വിസ്മയമാകുന്നത് നാം കാണുന്നു. വ്യവസായ വിപ്ലവത്തിനുള്ള മാവോ സേ തൂങ്ങിന്റെ ആഹ്വാനം കേട്ട് കൃഷിയിടങ്ങൾ ഉപേക്ഷിച്ചത് പിന്നീട് മഹാക്ഷാമത്തിന് കാരണമായത് ആധുനിക ചൈനയുടെ കഥ.

ഇന്ത്യയിലെ ഭക്ഷ്യക്ഷാമം പരിഹരിക്കാനുള്ള ചിന്തകളും ചർച്ചകളും 1960 കളിൽ മെക്സിക്കോകാരനായ നോർമൻ ബോർലാഗിന്റെ നേതൃത്വത്തിൽ ആരംഭിച്ച ഹരിതവിപ്ലവത്തിൽ പങ്കാളികളാകാൻ നമ്മെയും പ്രേരിപ്പിച്ചു. സങ്കരയിനം വിത്തുകൾ, രാസവളങ്ങളും കീടനാശിനികളും, പുതിയ കാർഷിക മാനേജ്മെന്റ് എന്നിവയിലൂടെ മുന്നോട്ടു പോയ ഹരിതവിപ്ലവം കൂടുതൽ വിളവ് കൊയ്യാൻ കാരണമായെന്നത് ശരി. പക്ഷേ, ചെലവേറിയ കൃഷി ഒരു വ്യവസായത്തിന്റെ മുഖം സ്വീകരിച്ചു. പിന്നാലെ, നഷ്ടത്തിന്റെ കഥകൾ പറഞ്ഞു തുടങ്ങി. രാസമാലിന്യങ്ങൾ നിറഞ്ഞ മണ്ണ് പ്രതികൂലമാവാൻ തുടങ്ങി. ജൈവ കൃഷിയിലേക്കും പാരമ്പര്യ സമ്പ്രദായങ്ങളിലേക്കും മടങ്ങിപ്പോകാനുള്ള മുറവിളികൾ ഉയർന്നു. ജപ്പാനിൽ ഫുക്കുവോക്ക നടത്തിയ പരീക്ഷണങ്ങൾ ‘ഒറ്റ വൈക്കോൽ വിപ്ലവ’മെന്ന പേരിൽ പ്രസിദ്ധീകരിച്ചു. പ്രകൃതികൃഷി പ്രചാരം നേടാൻ തുടങ്ങി. താൽക്കാലിക ലാഭം കണക്കുകൂട്ടുന്നേടത്ത് വലിയ മാറ്റങ്ങൾ ഉണ്ടായില്ല. ഇപ്പോഴും നമ്മുടെ ഔദ്യോഗിക സംവിധാനങ്ങൾ രാസകൃഷിയോടൊപ്പം തന്നെ നിൽകുന്നു. ചിലയാളുകൾ സങ്കര കൃഷിരീതികൾ പരീക്ഷിക്കാനും തയാറാകുന്നു.

ഇന്നു നാം കൃഷിയെക്കുറിച്ച് ഏറെ ചിന്തിക്കുന്നു. ഒരുവശത്ത് വികസനം മറുവശത്ത് ഭക്ഷ്യസുരക്ഷ. നിലനിൽപ്പിനായുള്ള മാർഗമെന്ത് എന്ന് ഉറക്കെ ചിന്തിക്കേണ്ട സമയം തന്നെ. എല്ലാവരും പാടത്തേക്ക് വരണമെന്നാണ് ആഹ്വാനം. പുതിയ നിരവധി പദ്ധതികൾ. പാഠപുസ്തകങ്ങളിൽ ഇപ്പോൾ കൃഷിപാഠങ്ങൾ കാണാം. വിദ്യാലയങ്ങളിലെ സാമൂഹിക ഇടപെടലുകളിലും പഠന പ്രവർത്തനങ്ങളിലും മുമ്പെങ്ങുമില്ലാത്ത വിധം കാർഷികവൃത്തി കടന്നുവരുന്നു.

മലർവാടി ബാലസംഘം വളർന്നു വരുന്ന തലമുറയുടെ പ്രതിനിധികൾ എന്ന നിലക്ക് പാരിസ്ഥിതിക കാർഷിക കാമ്പയിനുകൾ വളരെ ഗൗരവമായി തന്നെ നടത്തിപ്പോന്നിട്ടുണ്ട്. ഒരുവേള മലർവാടി മുന്നിൽ നടക്കുകയായിരുന്നു. വിദ്യാലയങ്ങൾ കേന്ദ്രീകരിച്ച് മലർവാടി ആരംഭിച്ച ‘ഒരു കൈ ഒരു തൈ’ കാമ്പയിൻ സംസ്ഥാനത്തെ സ്കൂളുകളിൽ വ്യാപകമായി നടത്തുകയുണ്ടായി. മന്ത്രിമാർ, പരിസ്ഥിതി പ്രവർത്തകർ, കലക്ടർമാർ, വിദ്യാഭ്യാസ ഓഫീസർമാർ, സർക്കാറുദ്യോഗസ്ഥർ, സാമൂഹിക പ്രവർത്തകർ, ജനപ്രതിനിധികൾ, രാഷ്ട്രീയ നേതാക്കൾ തുടങ്ങി വിവിധ മേഖലയിലുള്ള വ്യക്തിത്വങ്ങൾ മലർവാടി പ്രവർത്തകരുമായി സഹകരിച്ച് തൈകൾ നടാനെത്തി. കൂട്ടുകാർ നട്ട തൈകൾ മരമായി വളരുന്നതിനൊപ്പം കേരളീയ സമൂഹത്തിൽ ഇതൊരു സന്ദേശമായി പടരുന്നത് നാം സാകൂതം നോക്കിനിന്നതാണ്. വനം വകുപ്പും വിദ്യാഭ്യാസ വകുപ്പും ഔദ്യോഗികമായി തന്നെ ‘എന്റെ മരം’

പദ്ധതി നടപ്പിലാക്കി.

ഈ സന്ദേശത്തെ കുറെകൂടി വികസിപ്പിക്കുകയും വളർത്തുകയുമാണ് 'മണ്ണറിയാം വിത്തെറിയാം' എന്ന കാമ്പയിനിലൂടെ. പാരിസ്ഥിതിക ബോധം വളർത്തുക, വിത്ത്, മണ്ണ്, വളം തുടങ്ങിയ കാർഷിക വിഷയങ്ങളിൽ അറിവ് നേടാനും പ്രായോഗികമായി ഇടപെടാനും പ്രാപ്തരാക്കുക, നഷ്ടപ്പെടുകയും നശിപ്പിക്കപ്പെടുകയും ചെയ്യുന്ന പ്രകൃതിയെ സംരക്ഷിക്കുക എന്നീ ലക്ഷ്യങ്ങളാണ് കാമ്പയിനുള്ളത്. കൃഷി പ്രകൃതിയുടെ തന്നെ ഭാഗമാണെന്ന സങ്കൽപം പുതിയ തലമുറയെ പരിചയപ്പെടുത്തേണ്ടത് ഒരു അനിവാര്യതയാണെന്ന് മനസ്സിലാക്കുന്നതുകൊണ്ടാണിത്.

കൃഷിക്കാരെ ആദരിക്കൽ, അവരുമായുള്ള സഹവാസവും ആശയവിനിമയവും, അവരോടൊപ്പം ഒത്തുചേർന്ന് കൃഷിയിടങ്ങളിൽ നിന്ന് പ്രായോഗിക പാഠങ്ങളറിയൽ, കൃഷി ക്യാമ്പുകൾ, കൃഷി പ്രതിജ്ഞ, കൃഷി ചൊല്ലുകളുടെയും കൃഷി പദങ്ങളുടെയും ശേഖരണം, കൃഷി പ്രശ്നോത്തരി, നാടൻ വിത്തുകളുടെ ശേഖരണവും പ്രദർശനവും, നാട്ടിലെ കൃഷിയിടങ്ങളിൽ ഉപയോഗിക്കുന്ന രാസ വളങ്ങൾ, കീടനാശിനികൾ എന്നിവയെ കുറിച്ചുള്ള സർവേയും പഠനവും, ഡോക്യുമെന്ററികളുടെയും കാർഷിക പാരിസ്ഥിതിക സന്ദേശങ്ങളടങ്ങുന്ന സിനിമകളുടെയും പ്രദർശനം, കൃഷി ഭവൻ സന്ദർശനം, അടുക്കളതോട്ടങ്ങൾ, ടെറസ് തോട്ടങ്ങൾ, സ്കൂൾ തോട്ടങ്ങൾ, പള്ളിത്തോട്ടങ്ങൾ എന്നിവയുടെ നിർമാണത്തിൽ പങ്കാളിത്തം, ഇത്തരം തോട്ടങ്ങളിലേക്കുള്ള സന്ദർശനം, കൃഷിവാർത്തകളും ചിത്രങ്ങളും ഉപയോഗിച്ചുള്ള കൊളാഷ്, മണ്ണു പ്രദർശനം, നല്ലയിനം വിത്തുകൾ ശേഖരിച്ച് വിതരണം, കൃഷിയുടെ അതിജീവനത്തിന് സഹായിക്കുന്ന പൂമ്പാറ്റ, മണ്ണിര പോലുള്ള ജീവികളെ നിരീക്ഷിച്ച് കുറിപ്പെഴുതൽ, ഡോഡോ പക്ഷിക്ക് അനുശോചനക്കുറിപ്പ് തുടങ്ങി വൈവിധ്യമാർന്ന പരിപാടികൾ മലർവാടി ബാലസംഘം കൂട്ടുകാർക്കായി നിർദ്ദേശിച്ചിട്ടുണ്ട്. പ്രദേശത്തിന്റെ പ്രത്യേകതകളും സൗകര്യങ്ങളും അനുസരിച്ച് കൂടിയാലോചിച്ച് ഉചിതമായ പരിപാടികൾ തെരഞ്ഞെടുത്ത് നടപ്പിലാക്കുകയാണ് വേണ്ടത്. ചില പരിപാടികൾ സംസ്ഥാന-ജില്ലാ-ഏരിയാ തലങ്ങളിൽ നടക്കും. ഒരു പ്രദേശത്തും കാമ്പയിൻ കാലത്ത് യോജിച്ച പരിപാടികൾ നടത്താതെ പോകരുത്.

എന്തായിരിക്കും ആ സന്ദേശം. ഒരു ഉദാഹരണം പറയാം. ഡോഡോ പക്ഷിക്കുള്ള ഒരു അനുശോചനക്കുറിപ്പ് കൂട്ടുകാർ തയ്യാറാക്കി പ്രദർശിപ്പിക്കുന്നുവെന്ന് കരുതുക. എന്താണ് ഈ ഡോഡോ പക്ഷി. ഭൂമിയിൽ എന്നെന്നേക്കുമായി വംശനാശം സംഭവിച്ച, മൗറീഷ്യസ് ദ്വീപിൽ മാത്രം കണ്ടിരുന്ന പക്ഷിയാണ് ഡോഡോ. പോർച്ചുഗീസുകാർ അവിടെയെത്തുമ്പോൾ ഡോഡോയുടെ ആധിപത്യത്തിലായിരുന്നു ആ ദ്വീപ്. മനുഷ്യവാസമില്ല. പറക്കാനാകാത്ത ഈ പക്ഷി, മനുഷ്യരെ കണ്ട് ഭയന്നോടാത്ത പക്ഷി അവരുടെ രുചികരമായ ഭക്ഷണമായിത്തീർന്നു. അതിന്റെ ഭയരാഹിത്യത്തെ പോർച്ചുഗീസുകാർ അവരുടെ ഭാഷയിൽ Dodo -മരമണ്ടൻ -എന്ന് പേരിട്ടു. നൂറു വർഷം കഴിഞ്ഞപ്പോൾ ആ മണ്ടത്തരത്തിന് പാവം പക്ഷി വില നൽകേണ്ടി വന്നു. ഒരു പക്ഷി പോലും ഇന്ന് അവശേഷിക്കാതായി. പിന്നാലെ ഒരു മരവും ഭീഷണിയിലായി- കാൽവേരിയ മേജസ്. ഡോഡോ പക്ഷികൾ തിന്ന്, അതിന്റെ ദഹനേന്ദ്രിയ വ്യൂഹത്തിലൂടെ കടന്ന് വരുന്ന കാൽവേരിയ വിത്തുകൾ മാത്രമേ മുളക്കാറുള്ളു. ഇപ്പോൾ പുതിയ കാൽവേരിയ ചെടികൾ മൗറീഷ്യസിൽ ഉണ്ടാകുന്നില്ല. പ്രകൃതിയുടെ പാരസ്പര്യം നമ്മെ ഓർമിപ്പിക്കുന്ന കഥ, അല്ല ദുരന്ത ചരിത്രം. പ്രകൃതിയിലേക്ക് കണ്ണ് തുറന്നാൽ ഇതുപോലുള്ള എത്രയും ദുരന്തങ്ങൾ നമുക്ക് കാണാം. ഇത്തരം സന്ദേശങ്ങൾ ഉൾക്കൊണ്ടാൽ പല ദുരന്തങ്ങളും നമുക്ക് ആവർത്തിക്കാതി

രിക്കാം.

സാമ്പത്തിക മാന്ദ്യവും ആഗോള താപനവും നമ്മുടെ രാജ്യത്തെ ഭക്ഷ്യ രംഗത്ത് ദുരന്തങ്ങൾ വിതക്കാൻ കാത്തിരിക്കുന്നുവെന്ന് വിദഗ്ധർ പറയുന്നു. ഭക്ഷ്യവസ്തുക്കൾ വലിയൊരളവിൽ ശേഖരിച്ച് ബയോഡീസൽ നിർമാണത്തിന് കോപ്പുകൂട്ടുന്നു ചില വികസിത രാജ്യങ്ങൾ. പണമുണ്ടായിട്ടും പട്ടിണികിടക്കേണ്ടി വരുന്ന ഒരു നാളെയെക്കുറിച്ച് ഓർത്തുനോക്കൂ.

ബാലസംഘം കൂട്ടുകാർ ആവേശത്തിലാണ്. അനുഭവങ്ങളേറെയുള്ള നാം മുതിർന്ന തലമുറ തുറന്ന മനസ്സോടെ ഈ കൂട്ടുകാരോടൊപ്പം ചേരാൻ തയാറുണ്ടോ? എങ്കിൽ പ്രതീക്ഷയുടെ നാമ്പുകൾ തളിർത്ത് വരുന്നത് നമുക്ക് കാണാം. നമുക്കൊരുമിച്ച് ഈ പ്രകൃതിയെ അറിയാം. മണ്ണറിയാം, നാളേക്കായി നന്മയുടെ വിത്തെറിയാം! ■